LIBRARY ARCHIVES Kerala Legislative Assembly

5-4-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ75/2016/പൊ.വി.വ.. പ്രകാരം സംസ്ഥാനത്ത് പുതിയ സ്കൂളുകളും/അധിക ബാച്ചുകളും അനുവദിക്കുന്നതിലേയ്ക്കായി പ്രാദേശിക, സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി സർക്കാർ ഉത്തരവാകണമെന്ന് തീരുമാനമായി. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തുന്നതിനായി പ്രാദേശിക സംസ്ഥാനതല കമ്മിറ്റികൾ രൂപീകൃതമാകുകയും ടി കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേയും വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയത് പ്രകാരം മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറാവുന്നതാണ്.

(ഡി) ഹയർസെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും സ്കിൽ ഡെവലപ്മെന്റ് തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2020-21 അധ്യയന വർഷംമുതൽ ദേശീയ നൈപുണ്യ വികസന ചട്ടക്കൂട് (എൻ.എസ്.ക്യു.എഫ്.) പദ്ധതി പ്രകാരം ദേശീയാംഗീകാരമുള്ള സ്കിൽ കോഴ്സുകളാണ് വി.എച്ച്.എസ്.ഇ.-യിൽ പരിശീലിപ്പിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യകളുടെ ആവിർഭാവമുണ്ടാകുമ്പോഴും കോഴ്സുകൾ പുതുക്കുമ്പോഴും ഏറ്റവുംപുതിയ ജോബ് റോളുകൾ പഠനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുൻ വർഷമുണ്ടായിരുന്ന 46 എൻ.എസ്.ക്യു.എഫ്. ജോബ് റോളുകളിൽ 4 എണ്ണത്തിൽ വ്യതിയാനങ്ങളുണ്ടാകുകയും പുതിയ 6 ജോബ് റോളുകൾ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ പ്രക്രിയ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്.

ഓൺലൈൻ ഗെയിം

191(4201) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പബ്ജി നിരോധിച്ചതിനുശേഷം സൗജന്യ ഓൺലൈൻ ഗെയിമിനോട് കുട്ടികൾ അമിത താല്പര്യം കാണിക്കുന്നത് നിരുത്സാഹപ്പെടുത്തുവാൻ വിദ്യാഭ്യാസവകുപ്പ് ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുമോ?

ഓൺലൈൻ/ഡിജിറ്റൽ പഠനം നടത്തുമ്പോൾ കുട്ടികൾ ശ്രദ്ധിക്കേണ്ട സൈബർ സുരക്ഷ സംബന്ധിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും അദ്ധ്യാപകർ മുഖേന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഓൺലൈൻ ഗെയിമുകൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയിട്ടില്ല.